"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ചന്ദ്രൻ.സി-യ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 34/2025-മേലുള്ള വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1682/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. G.O.(P)No.66/2024/LSGD തീയതി. 03.12.2024
2. ശ്രീ.ചന്ദ്രൻ.സി.യുടെ 09.12.2024-ലെ സ്റ്റാറ്റ്യൂട്ടറി അപ്പീൽ
3. ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.01.2025 ലെ വിധിന്യായം.
4. G.O.(Rt)No.870/2025/LSGD തീയതി. 29.03.2025
5. CP[EKM] 45/2025 in OA[EKM] 34/2025 നമ്പർ കേസിലെ ബഹു.KAT -ന്റെ 12.06.2025 -ലെ നോട്ടീസ്.
6. അഡ്വക്കേറ്റ് ജനറലിന്റെ 17.06.2025- ലെ A1 - CPEKM 45/2025/2025085815 നമ്പർ കത്ത്.
7. G.O.(P)No.40/2025/LSGD തീയതി. 02.07.2025
8. G.O(P) No.41/2025/LSGD തീയതി. 02.07.2025

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീചന്ദ്രൻ.സി പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റ് 2024 -ൽ ഉൾപ്പെടുത്തി തനിക്ക് പ്രമോഷൻ നൽകാത്തതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (EKM). 34/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹു. KAT പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ അച്ചടക്ക നടപടികളുടെ സ്ഥിതി വിശദമായി പരിശോധിച്ച് പെറ്റിഷണറുടെ പരാമർശം(2)- പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി അപ്പീൽ പരിഗണിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

ബഹു. KAT - ന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കാത്തതിനെതുടർന്ന് ഫയൽ ചെയ്ത CP[EKM] 45/2025 നമ്പർ കേസുമായി ബന്ധപ്പെട്ട പരാമർശം (5) പ്രകാരമുള്ള നോട്ടീസിൻമേൽ ഉള്ള തുടർനടപടി ഒഴിവാക്കുന്നതിനായി അടിയന്തിരമായി ആവശ്യമായ നടപടി സ്വീകരിക്കുവാൻ പരാമർശം (6) പ്രകാരം അഡ്വക്കേറ്റ് ജനറൽ നിർദ്ദേശിയ്ക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച 18.06.2025 ൽ ചേർന്ന വകുപ്പ്തല പ്രമോഷൻ കമ്മിറ്റി യോഗം ശ്രീ.ചന്ദ്രൻ.സി-യുടെ വിഷയം വിശദമായി ചർച്ചചെയ്യുകയുണ്ടായി. പരാമർ ശം (4)-ലെ ഉത്തരവ് പ്രകാരം കോഴിക്കോട് കോർപറേഷൻ എലത്തൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരം സ്വീകരിച്ച വന്നിരുന്ന അച്ചടക്ക നടപടി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 11(1)(i) പ്രകാരം ശാസന (censure) നൽകി തീർപ്പാക്കിയത് പരിഗണിച്ചും, ടിയാന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം 08.07.2019 -ന് തൃപ്തികരമായി പൂർത്തീകരിച്ചിരുന്നത് പരിഗണിച്ചും സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് 2024 -ൽ ഉൾപ്പെടുത്തുവാൻ ടിയാൻ യോഗ്യനാണെന്ന് DPC യോഗം വിലയിരുത്തുകയും പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം ( 7 ) പ്രകാരമുള്ള modified Select List 2024-ൽ ഒന്നാമതായി ടിയാനെ ഉൾപ്പെടുത്തുകയുമുണ്ടായി ശ്രീ. ചന്ദ്രൻ സി. പരാമർ ശം (8) പ്രകാരമുള്ള സെലക്ട് ലിസ്റ്റ് 2025-ലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുവാൻ യോഗ്യതയുള്ളവരിലും ഒന്നാമനാണ്.

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ.ചന്ദ്രൻ. സി [ P E N : 437971]-യ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം സൗത്ത് സർക്കിൾ -ലെ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (7) പ്രകാരം സീനിയോരിറ്റി പുന:സ്ഥാപിച്ച് നൽകിയിട്ടുള്ളതിനാൽ ടിയാന് തന്റെ ഇമ്മീഡിയറ്റ് ജൂനിയറായ ശ്രീ.ഡേവിഡ് ജോൺ ഡി മോറിസ്-ന് പ്രമോഷൻ നൽകിയിട്ടുള്ള

31.12.2024 തീയതി പ്രാബല്യത്തിൽ നോഷണൽ പ്രമോഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM). 34/2025 നമ്പർ കേസിലെ 10.01.2025 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം.(ആമുഖ കത്ത് മുഖേന )
2. ശ്രീ.ചന്ദ്രൻ. സി , സൂപ്രണ്ടിംഗ് എഞ്ചിനീയർ (തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 05-07-2025 15:59:50